46 (1009) പുറത്തുനിന്നു കൊണ്ടുവരുന്ന വിദേശ നിർമ്മിത വിദേശമദ്യം

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേയ്ക്കു വിദേശനിർമ്മിത വിദേശമദ്യം കൊണ്ടുവരുന്നുണ്ടോ;

(ബി) എങ്കിൽ പ്രതിവർഷം ഇത്തരത്തിൽ എത്രമാത്രം മദ്യം കൊണ്ടുവരുന്നുണ്ട്;

(സി) ഇതിനുവേണ്ടിവരുന്ന ചെലവെത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദേശത്തുനിന്നും വരുന്നവർ സ്വന്ത ആവശ്യത്തിനായി നിയമാനുസൃതമായി വിദേശനിർമ്മിത വിദേശമദ്യം കൊണ്ടുവരുന്നുണ്ട്. ഡിപ്പാർട്ടുമെന്റ് തലത്തിലോ ബിവറേജസ് കോർപ്പറേഷനോ പ്രസ്തുത ഇനം വിദേശമദ്യം ഇറക്കുമതി ചെയ്യുന്നില്ല.

(ബി) ഇത്തരത്തിൽ കൊണ്ടുവരുന്ന മദ്യത്തിന്റെ കണക്കുകൾ ലഭ്യമല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

47 (1010) പുതിയ യൂണിറ്റുകൾ ആരംഭിക്കുന്ന നടപടി

ശ്രീ. ടി.എം. ജേക്കബ്

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ ബ്ലെണ്ടിംഗ് ആന്റ് ബോട്ട്ലിംഗ് യൂണിറ്റുകളും ബ്രൂവറികളും ആരംഭിക്കുന്നതിന് അനുവാദം നൽകുന്നതിന് മുൻപായി ഈ സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരെയാണ് ഇതിനു ചുമതലപ്പെടുത്തിയിരിക്കുന്നത്; പഠനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കേരളത്തിൽ ഇപ്പോൾ സ്വകാര്യ മേഖലയിലും സഹകരണമേഖലയിലുമായി എത്ര ഡിസ്റ്റിലറികൾ പ്രവർത്തിക്കുന്നുണ്ട്; ഈ ഡിസ്റ്റിലറികൾ അവയുടെ സ്ഥാപിത ശേഷിയുടെ എത്ര ശതമാനമാണ് ഉൽപ്പാദിപ്പിക്കുന്നത്;

(ഡി) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഡിസ്റ്റിലറികൾ പുതിയ ലൈസൻസുകൾക്ക് അപേക്ഷിക്കാതിരുന്നതിന്റെ കാരണം സർക്കാർ അന്വേഷിച്ചിട്ടുണ്ടോ;

(ഇ) അപേക്ഷ സമർപ്പിക്കാതിരുന്നതിന്റെ പേരിൽ എന്തെങ്കിലും വിശദീകരണം ബന്ധപ്പെട്ടവരിൽനിന്നും സർക്കാർ നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനു കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) പഠനം നടത്തിയിട്ടുണ്ട്. എന്നാൽ ആരെയും പ്രത്യേകിച്ച് ചുമതലപ്പെടുത്തിയിരുന്നില്ല. ഗവൺമെന്റിൽ ലഭ്യമായിരുന്ന കണക്കനുസരിച്ച് കേരളത്തിലെ വിദേശമദ്യത്തിന്റെ ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരവും പുതിയ യൂണിറ്റുകൾ അനുവദിച്ചാൽ അതിനോടനുബന്ധിച്ച് ഉണ്ടാകാവുന്ന തൊഴിൽ സാധ്യതകളും കണക്കിലെടുത്താണ് പുതിയ ബ്ലണ്ടിംഗ് ആന്റ് ബോട്ട്ലിംഗ് യൂണിറ്റുകളും ബ്രൂവറികളും തുടങ്ങുവാൻ അനുവാദം നൽകിയത്.

(സി) 14 ഡിസ്റ്റിലറികൾ പ്രവർത്തിച്ചുവരുന്നു. അവയുടെ പേരും സ്ഥാപിതശേഷിയുടെ എത്ര ശതമാനം ഉൽപ്പാദിപ്പിക്കുന്നു എന്ന വിവരവും ചുവടെ ചേർക്കുന്നു.

1.	യുണൈറ്റഡ് ഡിസ്റ്റിലറി, വേങ്ങിലപ്പാറ	60%
2.	കെ.എസ്. ഡിസ്റ്റിലറി, കണ്ണൂർ-ഉൽപ്പാദനം ആരംഭിച്ചിട്ടില്ല.	
3.	തോട്ടക്കാട് ഡിസ്റ്റിലറി, ആലുവ	20%
4.	കെയ്സി ഡിസ്റ്റിലറി, മുതുകാട്	11%
5.	പോൾസറ്റ ഡിസ്റ്റിലറി, ചാലക്കുടി	48%
6.	സൂപ്പർസ്റ്റാർ ഡിസ്റ്റിലറി ആന്റ് ഹാമിംഗ് ലിമിറ്റഡ്, തൃശ്ശൂർ	54%
7.	മാക്സവൽ ഡിസ്റ്റിലറി, ചേർത്തല	60%
8.	കാസനോവ ഡിസ്റ്റിലറി, കോട്ടയം	52.6%
9.	കേരള ആൾക്കഹോളിക് പ്രോഡക്ട്സ് ലിമിറ്റഡ്, പാലക്കാട്	100%
10.	ബെവൽക്കീസ് ഡിസ്റ്റിലറി, മണ്ണുത്തി	54%
11.	സൗത്ത് ട്രാവൻകൂർ ഡിസ്റ്റിലറി, നെയ്യാറ്റിൻകര	65%
12.	കേരള ഡിസ്റ്റിലറി ആന്റ് അലൈഡ് പ്രോഡക്ട്സ്, പാലക്കാട്	78%
13.	ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ്, ചിറ്റൂർ - ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്നില്ല.	
14.	ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്, തിരുവല്ല	60%

(ഡി) സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഡിസ്റ്റിലറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

48 (1011) ദേവാരണ്യ പദ്ധതി

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> :
<u>ശ്രീ. എം.പി. വർഗ്ഗീസ്</u> :
<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

LIBRARY ARCHIVES Kerala Legislative Assembly